श्रीशङ्कराचार्यसंस्कृतसर्वकलाशाला, कालटी

# SREE SANKARACHARYA UNIVERSITY OF SANSKRIT, KALADY

## 51-ാമത് അക്കാദമിക് കൗൺസിൽ യോഗനടപടിച്ചുരുക്കം

## കാര്യപരിപാടി (പ്രാഥമികം)

**പങ്കെടുത്തവർ**

| | | | |
|---|---|---|---|
| 1. | ഡോ.പി.കെ.ധർമ്മരാജൻ, ബഹു. വൈസ് ചാൻസലർ | - | ഒപ്പ് |
| 2. | ഡോ.കെ.എസ്.രവികുമാർ, പ്രോ വൈസ് ചാൻസലർ | - | ഒപ്പ് |
| 3. | ഡോ.ഗോപാലകൃഷ്ണൻ എം.ബി., രജിസ്ട്രാർ | - | ഒപ്പ് |
| 4. | ഡോ.വി.ആർ.മുരളീധരൻ **(ഓൺലൈൻ)** | | |
| 5. | ഡോ.കെ.യമുന | - | ഒപ്പ് |
| 6. | ഡോ.കെ.മുത്തുലക്ഷ്മി | - | ഒപ്പ് |
| 7. | ഡോ.കെ.ജി.കുമാരി | - | ഒപ്പ് |
| 8. | ഡോ.ശാന്തി നായർ | - | ഒപ്പ് |
| 9. | ഡോ.കെ.എം.കൃഷ്ണൻ | - | ഒപ്പ് |
| 10. | പ്രൊഫ.ശിവദാസൻ പി. | - | ഒപ്പ് |
| 11. | ഡോ.പ്രകാശ് കുമാർ ബി. **(ഓൺലൈൻ)** | | |
| 12. | ഡോ.എം.മണിമോഹനൻ | - | ഒപ്പ് |
| 13. | പ്രൊഫ.തോമസ് കെ. ജോബ് | - | ഒപ്പ് |
| 14. | ഡോ.എസ്.രാമചന്ദ്രൻ നായർ | - | ഒപ്പ് |
| 15. | ഡോ.ബിച്ചു എക്സ്. മലയിൽ | - | ഒപ്പ് |
| 16. | ഡോ.ബാബു ജോസഫ് | - | ഒപ്പ് |
| 17. | ഡോ.സി.എം.മനോജ് കുമാർ | - | ഒപ്പ് |
| 18. | ഡോ.ഡി. സലിംകുമാർ | - | ഒപ്പ് |
| 19. | പ്രൊഫ.ആർ.ഇന്ദുലാൽ | - | ഒപ്പ് |
| 20. | ഡോ.ബേബി ശാരി | - | ഒപ്പ് |
| 21. | ഡോ.ശിവദാസൻ എസ്. **(ഓൺലൈൻ)** | | |
| 22. | ഡോ.വി.കെ.വിജയൻ **(ഓൺലൈൻ)** | | |
| 23. | ഡോ.വി.ജി.ഗോപാലകൃഷ്ണൻ | - | ഒപ്പ് |
| 24. | ഡോ.കിരൺ എ.യു. | - | ഒപ്പ് |
| 25. | ശ്രീമതി സരിത ടി.പി. | - | ഒപ്പ് |
| 26. | ഡോ.സുനിത ഗോപാലകൃഷ്ണൻ | - | ഒപ്പ് |
| 27. | ഡോ.ബാബു രാജൻ പി.പി. | - | ഒപ്പ് |
| 28. | ഡോ.ഉണ്ണികൃഷ്ണൻ പി. | - | ഒപ്പ് |

| | | | |
|---|---|---|---|
| 29. | ഡോ.കെ.ആർ അംബിക | – | ഒപ്പ് |
| 30. | ഡോ.വി.കെ.ഭവാനി | – | ഒപ്പ് |
| 31. | ഡോ.ജി.ശ്രീവിദ്യ **(ഓൺലൈൻ)** | | |
| 32. | ഡോ.എം.സത്യൻ | – | ഒപ്പ് |
| 33. | ഡോ.കെ.പി.ബെർലി | – | ഒപ്പ് |
| 34. | ഡോ.ലിസ്സി മാത്യു വി. | – | ഒപ്പ് |
| 35. | ഡോ.കെ.സി.അതൗള്ളാ ഖാൻ | – | ഒപ്പ് |
| 36. | ഡോ.എൻ ജന്നി റപ്പായി | – | ഒപ്പ് |
| 37. | ഡോ.എ.പസ്ലിത്തിൽ | – | ഒപ്പ് |
| 38. | ഡോ.ബിജു വിൻസന്റ് | – | ഒപ്പ് |
| 39. | ഡോ.രേഷ്മ ഭരദ്വാജ് | – | ഒപ്പ് |
| 40. | ശ്രീ ലൂക്കോസ് ജോർജ്ജ് | – | ഒപ്പ് |
| 41. | ഡോ.മഞ്ജു ഗോപാൽ **(ഓൺലൈൻ)** | | |
| 42. | ഡോ.അബു കെ.എം. | – | ഒപ്പ് |
| 43. | ശ്രീമതി സിന്ധു എസ്. | – | ഒപ്പ് |
| 44. | ശ്രീ ബാബു കെ. **(ഓൺലൈൻ)** | | |
| 45. | ഡോ.സാജു ടി.എസ്. | – | ഒപ്പ് |
| 46. | ഡോ.എബി കോശി | – | ഒപ്പ് |
| 47. | പ്രൊഫ.എം.കുഞ്ഞിമൊയ്തീൻ കുട്ടി **(ഓൺലൈൻ)** | | |
| 48. | ഡോ.ഗീതാമണി അമ്മ എസ്. **(ഓൺലൈൻ)** | | |
| 49 | ശ്രീ. മധു എ.കെ. | – | ഒപ്പ് |
| 50. | സുജീഷ് ജി., റിസർച്ച് സ്റ്റുഡന്റ് | – | ഒപ്പ് |
| 51. | അതുല്യ രാജ്, പോസ്റ്റ് ഗ്രാഡ്വേറ്റ് സ്റ്റുഡന്റ് | – | ഒപ്പ് |

**I. അഭിസംബോധന (Introduction by the Chair)**

യോഗത്തിലേക്ക് എല്ലാ അംഗങ്ങളേയും സ്വാഗതം ചെയ്യുന്നു.

പ്രശസ്ത സംസ്കൃത പണ്ഡിതൻ ശ്രീ കെ.പി അച്യുതപിഷാരടി , മുൻ രാഷ്ട്രപതി ശ്രീ പ്രണബ് മുഖർജി, ജ്ഞാനപീഠ പുരസ്കാര ജേതാവായ മഹാകവി അക്കിത്തം അച്യുതൻ നമ്പൂതിരി, കേന്ദ്ര മന്ത്രിയായിരുന്ന ശ്രീ രാംവിലാസ് പാസ്വാൻ, പ്രശസ്ത ഗായകൻ ശ്രീ എസ്.പി ബാലസുബ്രമണ്യം, ഫുട്ബാൾ ഇതിഹാസം ഡീഗോ മറഡോണ, പ്രശസ്ത കവയിത്രി ശ്രീമതി. സുഗതകുമാരി, പ്രശസ്ത കവി ശ്രീ. നീലമ്പേരൂർ മധുസൂധനൻ നായർ, നിയമസഭാംഗം ശ്രീ. വിജയദാസ് , സർവകലാശാലയിൽ നിന്നും വിരമിച്ച ചിത്രകലാ വിഭാഗത്തിലെ അദ്ധ്യാപകനും ശില്പിയുമായ ശ്രീ. ഒ.പി. ജോൺസൻ, സർവകലാശാലയിൽ ദീർഘകാലം സംസ്കൃതം ന്യായ വിഭാഗം അദ്ധ്യക്ഷയായും ഡീനും ആയി പ്രവർത്തിച്ച ഡോ. ആര്യാദേവി, പ്രശസ്ത കവി പ്രൊഫസർ വിഷ്ണു നാരായണൻ നമ്പൂതിരി എന്നിവരുടെ നിര്യാണത്തിലും, മറ്റ് കലാ, രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക രംഗത്ത് കർമ്മ നിരതരായിരുന്നവരുടെ നിര്യാണത്തിലും ഈ യോഗം അനുശോചനം രേഖപ്പെടുത്തുന്നു.

25.04.2020 ന് അക്കാദമിക് കൗൺസിൽ യോഗം കൂടാൻ തീരുമാനിച്ചിരുന്നുവെങ്കിലും ലോക് ഡൗൺ പശ്ചാത്തലത്തിൽ കൂടിയില്ല.

30.11.2019 ന ചേർന്ന 50–ാം അക്കാദമിക് കൗൺസിൽ യോഗത്തിനു ശേഷം സർവകലാശാലയിലുണ്ടായിട്ടുള്ള പ്രധാനപ്പെട്ട സംഭവങ്ങൾ അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1. സർവകലാശാല പി.ജി കോഴ്സുകളായ എം. എ, എം.എസ്.സി, എം.എസ്.ഡബ്ല്യു, എം.എഫ്.എ, പ്രോഗ്രാമുകളിലേക്കും, പി.ജി ഡിപ്ലോമ പ്രോഗ്രാമിലേക്കും പ്രവേശനത്തിനുള്ള അപേക്ഷകൾ 09.03.2020 ന് ക്ഷണിച്ചു.

2. ശ്രീ ശങ്കരാചാര്യരുടെ 1232 -ാം ജന്മദിനം 'ഫിലോസഫേഴ്സ് ഡേ' ആയി ഈ വർഷം ആചരിക്കേണ്ടതാണെങ്കിലും ലോകത്തെ മുഴുവൻ ഗ്രസിച്ചിരിക്കുന്ന കോവിഡ് 19 ന്റെ നിർവ്യാപനകാലത്ത് ശ്രീ ശങ്കര ജയന്തി ഒരു വെബിനാർ രൂപത്തിൽ സംഘടിപ്പിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ മെയ് മാസം 18 -ാം തീയതി രാവിലെ 10 മണിക്ക് ഫേസ് ബുക്കിൽ ലൈവ് ആയി അവതരിപ്പിച്ചു. നിരണം ഭദ്രാസനം മെത്രാപോലീത്ത ഗീവർഗ്ഗീസ് കുറിലോസ് തിരുമേനി ശ്രീശങ്കര പ്രഭാഷണം നടത്തി. സർവകലാശാല വേദാന്ത വിഭാഗം അദ്ധ്യക്ഷനും പ്രൊഫസറുമായിരുന്ന ഡോ. രാമകൃഷ്ണ ഭട്ടും വൈസ് ചാൻസലർ അദ്ധ്യക്ഷത വഹിച്ച വെബിനാറിൽ പങ്കെടുത്തു.
3. എം.എ അവസാന വർഷ പരീക്ഷയിൽ ഉയർന്ന മാർക്ക് നേടുന്ന വിദ്യാർത്ഥിക്ക് നൽകുന്നതിനായി ഡോ. ടി ആര്യാദേവി എൻഡോവ്മെന്റ് സർവകലാശാലയിൽ നടപ്പിലാക്കി.
4. വിദ്യാർത്ഥികൾക്ക് എൽ.എം.എസ് പ്ലാറ്റ്ഫോമിൽ ഓൺലൈൻ ക്ലാസ്സുകൾ 2020 ജൂൺ മാസം ആരംഭിച്ചു.
5. സർവകലാശാല ജൂൺ മാസത്തിൽ അവസാന സെമസ്റ്റർ ബിരുദ ബിരുദാനന്തര പരീക്ഷകൾ വിജയകരമായി പൂർത്തീകരിക്കുകയും പരീക്ഷാ ഫലങ്ങൾ ഓഗസ്റ്റ് മാസത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.
6. ജൂലൈ 9, 10 തീയതികളിൽ ബഹു. ചാൻസലർ വിളിച്ചുചേർത്ത കേരളത്തിലെ എല്ലാ സർവകലാശാല വൈസ് ചാൻസലർമാരുടേയും യോഗത്തിൽ വൈസ് ചാൻസലറും, പ്രോ വൈസ് ചാൻസലറും പങ്കെടുത്തു.
7. 07.08.2020 ന് ഈ വർഷത്തെ സംസ്കൃത ദിനാഘോഷം വെബിനാർ ആയി സംഘടിപ്പിച്ചു. വൈസ് ചാൻസലർ ഉദ്ഘാടനം ചെയ്ത വെബിനാറിൽ ശ്രീ വെങ്കിടേശ്വര വേദിക് യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലർ ഡോ. സുദർശന ശർമ്മ മുഖ്യ പ്രഭാഷണം നടത്തി. ഇതിന് അനുബന്ധമായി ഓഗസ്റ്റ് 10-ാം തീയതി രാജ്യത്തെ പ്രമുഖ സംസ്കൃത കവികൾ പങ്കെടുത്ത ഓൺലൈൻ കവി സമ്മേളനവും സംഘടിപ്പിച്ചു.
8. പാരമ്പര്യ ആയോധന കലയായ കളരിപ്പയറ്റുമായി ബന്ധപ്പെട്ട് സമർപ്പിച്ച പഠന നിർദ്ദേശത്തിന് സർവകലാശാലയുടെ സെന്റർ ഫോർ ഇൻടാൻജിബിൾ ഹെറിറ്റേജ് സ്റ്റഡീസിനെ യുനെസ്കോ പദ്ധതിയുടെ അന്താരാഷ്ട്ര പങ്കാളിയായി തെരഞ്ഞെടുത്തു.
9. യു.എൻ. അക്കാദമിക – ഗവേഷണ വിഭാഗമായ യുണൈറ്റഡ് നേഷൻസ് യൂണിവേഴ്സിറ്റിയുടെ കീഴിൽ ഏഷ്യാ പസഫിക് മേഖലയിലുള്ള സർവകലാശാലകളുടെ ശൃംഖലയായ പ്രോസ്പർ നെറ്റിന്റെ അംഗീകാരം സംസ്കൃത സർവകലാശാലയ്ക്ക് ലഭിച്ചു. രാജ്യത്ത് ഈ അംഗീകാരം ലഭിക്കുന്ന രണ്ടാമത്തെ സർവകലാശാലയാണ് സംസ്കൃത സർവകലാശാല. സർവകലാശാലയിലെ സെന്റർ ഫോർ ഇൻടാൻജിബിൾ ഹെറിറ്റേജിന്റെ പ്രവർത്തനത്തിലൂടെയാണ് ഈ നേട്ടം കൈവരിക്കാൻ കഴിഞ്ഞത്.
10. ദേശീയ വിദ്യാഭ്യാസ നയം 2020 നെ കുറിച്ച് ചർച്ച ചെയ്യുന്നതിനായി കേരള സ്റ്റേറ്റ് ഹയർ എജ്യുക്കേഷൻ കൗൺസിൽ 2020 ഡിസംബർ 22 -ാം തീയതി വിളിച്ചുകൂട്ടിയ യോഗത്തിൽ സർവകലാശാലയെ പ്രതിനിധീകരിച്ച് വൈസ് ചാൻസലർ പങ്കെടുത്തു.
11. സെൻട്രൽ റിസർച്ച് ഫെസിലിറ്റി എന്ന പ്രോജക്ട് സർവകലാശാല കിഫ്ബിക്ക് സമർപ്പിക്കുകയും 2021-22 ലെ സംസ്ഥാന ബഡ്ജറ്റിൽ 75 കോടി രൂപ ഇതിനായി വകയിരുത്തുകയും ചെയ്തിട്ടുണ്ട്.
12. സർക്കാർ തീരുമാനമനുസരിച്ച് അവസാന വർഷ ബിരുദ, ബിരുദാനന്തര ക്ലാസ്സുകളും എംഫിൽ പിഎച്ച്ഡി ക്ലാസ്സുകളും ഓഫ് ലൈനായി സർവകലാശാലയിൽ ജനുവരി ആദ്യ വാരം മുതൽ

ആരംഭിച്ചെങ്കിലും കോവിഡ് 19 കേസുകൾ റിപ്പോർട്ട് ചെയ്തതിനാൽ വീണ്ടും ഓൺലൈൻ ക്ലാസ്സുകളിലേക്ക് മാറാൻ നിർദ്ദേശിച്ചിട്ടുണ്ട്.

13. വൈസ് ചാൻസലർ സാഹിത്യ വിഭാഗം അദ്ധ്യക്ഷനായിരിക്കെ ആരംഭിച്ച റിസർച്ച് ജേർണൽ "പ്രത്യഭിജ്ഞ" യുജിസി കെയർലിസ്റ്റിൽ ഇടംനേടി. ആദ്യമായാണ് സർവകലാശാലയിലെ ഒരു പഠന വകുപ്പ് പ്രസിദ്ധീകരിക്കുന്ന ജേർണലിന് ഈ നേട്ടം ലഭിക്കുന്നത്. അതിനുവേണ്ടി പ്രയത്നിച്ച സാഹിത്യവിഭാഗത്തിലെ മുഴുവൻ അധ്യാപകരെയും വിശിഷ്യ പ്രൊഫസർ ടി മിനിയെയും ഹാർദ്ദമായി അഭിനന്ദിക്കുന്നു.
14. നവകേരളം - യുവകേരളം - ഉന്നതവിദ്യാഭ്യാസത്തിന്റെ ഭാവി" എന്ന വിഷയത്തെ ആസ്പദമാക്കി ആശയങ്ങളുംചോദ്യങ്ങളും ബഹു. മുഖ്യമന്ത്രിയുമായി പങ്കുവെക്കാൻ ഫെബ്രുവരി 8 -ാം തീയതി എംജി സർവകലാശാലയിൽ സംഘടിപ്പിച്ച പരിപാടിയിൽ സർവകലാശാലയെ പ്രതിനിധീകരിച്ച് 20 വിദ്യാർത്ഥികൾ പങ്കെടുത്തിരുന്നു.
15. സംസ്കൃത സർവകലാശാല മുഖ്യകേന്ദ്രത്തിൽ എം.എ മ്യൂസിയോളജി പ്രോഗ്രാമിന് ആൾ ഇന്ത്യ തലത്തിൽ അപേക്ഷ ക്ഷണിക്കുകയും 2021 മാർച്ച് മാസം മുതൽ ക്ലാസ്സുകൾ ആരംഭിക്കുകയും ചെയ്തു.

എല്ലാവരുടേയും സഹകരണവും ക്രിയാത്മകമായ നിർദ്ദേശങ്ങളും പ്രതീക്ഷിച്ചുകൊണ്ട് അജൻഡകളിൽ മേലുള്ള ചർച്ചകൾക്കായി ഏവരേയും ക്ഷണിച്ചുകൊള്ളുന്നു.

## II. പരിഗണനയ്ക്കുള്ള വിഷയങ്ങൾ (Item for consideration)

1. No.Ad.A1/12264/SSUS/2018

UGC Regulation 2018 – Revision of Pay of Teachers – reg.

Academic Council approved the action taken by the Vice Chancellor to implement the UGC Regulation 2018 - Revision of pay of Teachers.

2. നം.എസി.ഡി.എ 1/476/എസ്.എസ്.യു.എസ്./2020

2017 പി.എച്ച്.ഡി. നിയമാവലി ക്ലോസ് 15 (സി) യിൽ നിന്നും രണ്ടാം സെമസ്റ്ററിൽ കോഴ്സ് വർക്ക് പൂർത്തിയാക്കണമെന്ന വ്യവസ്ഥ ഭേദഗതി ചെയ്യേണ്ടതുണ്ടോ എന്ന് തീരുമാനിക്കുന്നത് - സംബന്ധിച്ച്

പി.എച്ച്.ഡി. നിയമാവലി ക്ലോസ് 15(c) യിൽ നിന്ന് "Those who do not successfully complete the course work in the first semester shall complete it during the second semester itself. Failure to do so will lead to cancellation of their registration" എന്നുള്ളത് സിൻഡിക്കേറ്റിന്റെ ശിപാർശക്ക് വിധേയമായി ഭേദഗതി ചെയ്യുന്നതിനും ഹിസ്റ്ററി വിഭാഗം 2019-20 അഡ്മിഷൻ ഗവേഷകരായ ഭവ്യ എ., മീനു റബേക്ക മത്തായി എന്നിവർക്ക് 2020-21 ബാച്ചിനോടൊപ്പം കോഴ്സ് വർക്ക് ചെയ്യുന്നതിന് അനുമതി നൽകിയ ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കുന്നതിനും തീരുമാനിച്ചു.

3. നം.എസി.ഡി.എ 1/2555/എസ്.എസ്.യു.എസ്./2017

വകുപ്പുതല റിസർച്ച് കമ്മിറ്റി 6 മാസത്തിലൊരിക്കൽ കൂടി ഗവേഷകരുടെ ഗവേഷണ പുരോഗതി വിലയിരുത്തിയതിന്റെ റിപ്പോർട്ട് സർവ്വകലാശാലയ്ക്ക് സമർപ്പിക്കേണ്ടതാണെന്നുള്ള മാനദണ്ഡം കൂടി 2017 പി.എച്ച്.ഡി. നിയമാവലി ക്ലോസ് 9 ൽ ഉൾപ്പെടുത്തണമോ എന്ന് തീരുമാനിക്കുന്നത് - സംബന്ധിച്ച് .

വകുപ്പുതല റിസർച്ച് കമ്മിറ്റി എന്നത് റിസർച്ച് അഡ്വൈസറി കമ്മിറ്റി എന്നാക്കുവാനും ഗവേഷകർക്ക് സർവ്വകലാശാല ഗവേഷണ ഫെല്ലോഷിപ്പ് ലഭിക്കുന്നതിന് റിസർച്ച് അഡ്വൈസറി

കമ്മിറ്റി യോഗം 6 മാസത്തിലൊരിക്കൽ കൂടി ഗവേഷകരുടെ ഗവേഷണപുരോഗതി വിലയിരുത്തിയതിന്റെ റിപ്പോർട്ട് സർവ്വകലാശാലയ്ക്ക് സമർപ്പിക്കേണ്ടതാണെന്നുള്ള മാനദണ്ഡം 2017 പി.എച്ച്.ഡി. നിയമാവലി ക്ലോസ് 9 ൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചു. പ്രസ്തുത തീരുമാനത്തിനനുസൃതമായി 28.10.2020 ൽ കൂടിയ 185-ാമത് സിൻഡിക്കേറ്റ് തീരുമാനം 18.12.2020 ൽ പുറപ്പെടുവിച്ച Acd.A1/17667/SSUS/18 എന്ന ഉത്തരവ് വന്ന തീയതി മുതൽ 6 മാസത്തിലൊരിക്കൽ റിസർച്ച് അഡ്വൈസറി കമ്മിറ്റി കൂടി ഗവേഷണ പുരോഗതി വിലയിരുത്തിയ റിപ്പോർട്ടിന്റെ രേഖകൾ സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചു.

4. നം.എസി.ഡി.എ 1/383/എസ്.എസ്.യു.എസ്./2019

ഡോ.പസ്സിത്തിൽ കൺവീനറായ സമിതി സമർപ്പിച്ച പി.എച്ച്.ഡി. പ്രീ സബ്മിഷൻ സെമിനാർ നടപടിക്രമങ്ങളിലെ ക്രമ നം. 4 ൽ തിരുത്തൽ വരുത്തിയത് - സംബന്ധിച്ച്

ഗവേഷകരുടെ പ്രീ സബ്മിഷൻ സെമിനാർ, ഓപ്പൺ വൈവ എന്നിവ നടത്തുന്നതുമായി ബന്ധപ്പെട്ട് ഡോ.പസ്സിത്തിൽ കൺവീനറായ സമിതി സമർപ്പിച്ച പൊതു മാർഗ്ഗനിർദ്ദേശങ്ങളിൽ പി.എച്ച്.ഡി. പ്രീ സബ്മിഷൻ സെമിനാർ നടപടിക്രമങ്ങളിലെ ക്രമ നം. 4 ൽ, The Research Scholar has to do two Pre Submission Seminars based on his/her research within the last four months before the date of submission of application for submission of the thesis എന്ന് തിരുത്തൽ വരുത്തിയത് റിപ്പോർട്ട് ചെയ്തത് ശ്രദ്ധിച്ചു.

5. നം.എസി.ഡി.എ 2/328/എസ്.എസ്.യു.എസ്./2019

2019-20 അധ്യയന വർഷം പി.എച്ച്.ഡി പ്രവേശനം നേടിയ ഗവേഷകർക്ക് Research and Publication Ethics (RPE) എന്ന രണ്ട് ക്രെഡിറ്റ് കോഴ്സ്, കോഴ്സ് വർക്കിന്റെ ഭാഗമാക്കിയത് - സാധൂകരിക്കുന്നത് - സംബന്ധിച്ച്

2019-20 പി.എച്ച്.ഡി. അഡ്മിഷൻ മുതൽ, റിസർച്ച് ആന്റ് പബ്ലിക്കേഷൻ എത്തിക്സ് (RPE) എന്ന ശീർഷകത്തിൽ 2 ക്രെഡിറ്റുള്ള കോഴ്സ് പി.എച്ച്.ഡി. കോഴ്സ് വർക്കിൽ ഉൾപ്പെടുത്തുന്നതിനും പി.എച്ച്.ഡി. നിയമാവലി 2017 ക്ലോസ് 15 (a) യിൽ അപ്രകാരം ഭേദഗതി വരുത്തുന്നതിനും അനുമതി നൽകിയ ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിച്ചു.

ഗവേഷകരെ പ്രവേശനം വിജ്ഞാപനം ചെയ്യുന്ന വർഷത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് തീരുമാനിച്ചു.

6. നം.7571/പി.ആർ.ഒ/എസ്.എസ്.യു.എസ്./2019

2017-18, 2018-19 വർഷങ്ങളിലെ സർവ്വകലാശാല വാർഷിക റിപ്പോർട്ടുകൾ - സംബന്ധിച്ച്

2017-18, 2018-19 വർഷങ്ങളിലെ സർവ്വകലാശാല വാർഷിക റിപ്പോർട്ടുകൾ അംഗീകരിച്ചു. വാർഷിക റിപ്പോർട്ടുകൾ തയ്യാറാക്കേണ്ടത് AQAR ന്റെ അടിസ്ഥാനത്തിലായതിനാൽ ഭാവിയിൽ വാർഷിക റിപ്പോർട്ടുകൾ ഐ.ക്യു.എ.സി. തന്നെ തയ്യാറാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചു.

7. നം.പി.യു.ബി./8308/എസ്.എസ്.യു.എസ്.

2016-17 വർഷത്തെ സർവ്വകലാശാല വാർഷിക റിപ്പോർട്ട് - സംബന്ധിച്ച്

2016-17 വർഷത്തെ സർവ്വകലാശാല വാർഷിക റിപ്പോർട്ട് അംഗീകരിച്ചു. വാർഷിക റിപ്പോർട്ടുകൾ തയ്യാറാക്കേണ്ടത് AQAR ന്റെ അടിസ്ഥാനത്തിലായതിനാൽ ഭാവിയിൽ വാർഷിക റിപ്പോർട്ടുകൾ ഐ.ക്യു.എ.സി. തന്നെ തയ്യാറാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചു.

8. നം.എസ്.എസ്.സി./4803/എസ്.എസ്.യു.എസ്./2019
യു.ജി.സി. യുടെ വിദ്യാർത്ഥി പരാതി പരിഹാര സംവിധാന നിയമാവലികൾ 2019
സർവ്വകലാശാലയിൽ നടപ്പിലാക്കിയത് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്

യു.ജി.സി. യുടെ വിദ്യാർത്ഥി പരാതി പരിഹാര സംവിധാന നിയമാവലികൾ 2019, സർവ്വകലാശാലയിൽ നടപ്പിലാക്കിയത് റിപ്പോർട്ട് ചെയ്തത് ശ്രദ്ധിച്ചു. യു.ജി.സി. നിയമത്തെ മുൻ നിർത്തി സർവ്വകലാശാല തനതായ റെഗുലേഷൻ രൂപപ്പെടുത്തുവാൻ നടപടിയെടുക്കണമെന്നും തീരുമാനിച്ചു.

9. നം.ഇഡി/11607/എസ്.എസ്.യു.എസ്./2018
2018-19 അക്കാദമിക വർഷത്തെ എം.ഫിൽ വിദ്യാർത്ഥികൾക്ക് ഡിഗ്രി അവാർഡ് ചെയ്യുന്നത് - സംബന്ധിച്ച്

2018-19 അക്കാദമിക വർഷത്തെ എം.ഫിൽ വിദ്യാർത്ഥികൾക്ക് ഡിഗ്രി അവാർഡ് ചെയ്യുന്നതിന് തീരുമാനിച്ചു.

10. നം.ഇബി/12030/എസ്.എസ്.യു.എസ്./2019
2019 ഒക്ടോബർ മാസത്തിൽ നടത്തിയ 1, 3 സെമസ്റ്റർ എം.എ. (റീ അപ്പിയറൻസ്) പരീക്ഷയെഴുതി എം.എ. പ്രോഗ്രാം വിജയകരമായി പൂർത്തിയാക്കിയ 4 വിദ്യാർത്ഥികൾക്ക് ബിരുദം നൽകുന്നത് - സംബന്ധിച്ച്

2019 ഒക്ടോബർ മാസത്തിൽ നടത്തിയ 1, 3 സെമസ്റ്റർ എം.എ. (റീ അപ്പിയറൻസ്) പരീക്ഷയെഴുതി എം.എ. പ്രോഗ്രാം വിജയകരമായി പൂർത്തിയാക്കിയ 4 വിദ്യാർത്ഥികൾക്ക് ബിരുദം നൽകുന്നതിന് തീരുമാനിച്ചു.

11. നം.502/എസി.ഡി.ബി2/2018/എസ്.എസ്.യു.എസ്.
എം.എ. ഇംഗ്ലീഷ് വിദ്യാർത്ഥിനി ഗായത്രി ജെ.കെ. യ്ക്ക് സീറോ സെമസ്റ്റർ പ്രവേശനം അനുവദിച്ചത്
\- സാധൂകരണം - സംബന്ധിച്ച്

തിരുവനന്തപുരം പ്രാദേശിക കേന്ദ്രം എം.എ. ഇംഗ്ലീഷ് വിദ്യാർത്ഥിനി ഗായത്രി ജെ.കെ. യ്ക്ക് സീറോ സെമസ്റ്റർ പ്രവേശനം അനുവദിച്ചത് സാധൂകരിച്ചു.

12. നം.8132/എസി.ഡി.ബി2/2018/എസ്.എസ്.യു.എസ്.
എം.എ. ഫിലോസഫി വിദ്യാർത്ഥി സന്തോഷ് മാത്യു വർക്കിയ്ക്ക് സീറോ സെമസ്റ്റർ പ്രവേശനം അനുവദിച്ചത് - സാധൂകരണം - സംബന്ധിച്ച്

കാലടി മുഖ്യകേന്ദ്രം എം.എ. ഫിലോസഫി വിദ്യാർത്ഥി സന്തോഷ് മാത്യു വർക്കിയ്ക്ക് സീറോ സെമസ്റ്റർ പ്രവേശനം അനുവദിച്ചത് സാധൂകരിച്ചു.

13. No.EA/4513/2010/SSUS
Award of Ph.D to various candidates

വിവിധ വിഷയങ്ങളിൽ ബന്ധപ്പെട്ട ഫാക്കൽറ്റിയുടെ കീഴിലായി 17 പി.എച്ച്.ഡി. ഗവേഷകർക്ക് 18.01.2020 ലെ സിൻഡിക്കേറ്റ് തീരുമാന പ്രകാരം പി.എച്ച്.ഡി. ബിരുദം നൽകുവാൻ തീരുമാനിച്ചു.

14. നം.എസിഡി.എ 2/5695/എസ്.എസ്.യു.എസ്./2020 & അഡീഷണൽ അജണ്ട 8

കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട സർക്കാർ നിബന്ധനകൾ നിലനിൽക്കുന്ന സാഹചര്യത്തിൽ സർവ്വകലാശാലയിലെ ഗവേഷകരുടെ ഓപ്പൺ ഡിഫൻസ്, പ്രീ സബ്മിഷൻ സെമിനാർ, റിസർച്ച് അഡ്വൈസറി കമ്മിറ്റി, വാർഷിക അസ്സസ്സ്മെന്റുകൾ, ഗവേഷണവുമായി ബന്ധപ്പെട്ട മറ്റ് മീറ്റിംഗുകൾ എന്നിവ ഓൺലൈനായി നടത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ - സാധൂകരിക്കുന്നത് - സംബന്ധിച്ച്.

കോവിഡ് - 19 പശ്ചാത്തലിത്തിൽ ഇതുവരെ നടന്ന ഗവേഷകരുടെ ഓപ്പൺ ഡിഫൻസ്, പ്രീ സബ്മിഷൻ സെമിനാർ, റിസർച്ച് അഡ്വൈസറി കമ്മിറ്റി, വാർഷിക അസ്സസ്സ്മെന്റുകൾ എന്നിവ സാധൂകരിക്കുവാൻ തീരുമാനിച്ചു. ഇനി നടത്തുന്ന ഓൺലൈൻ ഓപ്പൺ ഡിഫൻസിൽ ഗൈഡും, വകുപ്പ് മേധാവിയും, ഗവേഷക/ഗവേഷകൻ എന്നിവരും സർവ്വകലാശാലയിൽ ഒരിടത്ത് തന്നെ ഇരുന്ന് പങ്കെടുക്കുവാനും അപ്രകാരം ഓൺലൈൻ ഓപ്പൺ ഡിഫൻസിന്റെ മാർഗ്ഗനിർദ്ദേശത്തിൽ ഭേദഗതി വരുത്തുവാനും തീരുമാനിച്ചു.

15. നം.എസിഡി.എ 2/6144/എസ്.എസ്.യു.എസ്./2020(2)

സർവ്വകലാശാല ഗവേഷണ ഫെല്ലോഷിപ്പ്/യു.ജി.സി.യുടെ വിവിധ ഫെല്ലോഷിപ്പുകളുമായി ബന്ധപ്പെട്ട ഹാജർനില – 2020 യു.ജി.സി. മാർഗ്ഗനിർദ്ദേശം (ക്രമ നം. 9) നടപ്പിലാക്കിയത് - റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്

കോവിഡ്-19 അണവ്യാപനത്തെ തുടർന്നുള്ള ലോക്ക്ഡൗൺ കാലയളവിൽ, എം.ഫിൽ/ പി.എച്ച്.ഡി. ഗവേഷകർക്ക് സർവ്വകലാശാല ഗവേഷണ ഫെല്ലോഷിപ്പ്/യു.ജി.സി.യുടെ വിവിധ ഫെല്ലോഷിപ്പുകൾ എന്നിവ അനുവദിക്കുന്നതിനും ബിരുദ, ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് പരീക്ഷ സംബന്ധമായ വിഷയങ്ങളിലും ആവശ്യമായ മിനിമം ഹാജർ "deemed to be attended" ആയി കണക്കാക്കണമെന്ന യു.ജി.സി. മാർഗ്ഗ നിർദ്ദേശം (ക്രമ നം.9) സർവ്വകലാശാലയിൽ നടപ്പിലാക്കുന്നതിന് അനുമതി നൽകിയ ബഹു. വൈസ് ചാൻസലറുടെ നടപടി റിപ്പോർട്ട് ചെയ്തത് ശ്രദ്ധിച്ചു.

16. നം.16425/പബ്ലി/എസ്.എസ്.യു.എസ്./2019

ബിരുദ തലത്തിലുള്ള അദ്ധ്യയനം മലയാളത്തിലാക്കുമ്പോൾ പാഠപുസ്തകങ്ങളിൽ അധിക വായനയ്ക്കുള്ള പുസ്തകങ്ങളുംമലയാളത്തിൽ തയ്യാറാക്കുന്നത് - സംബന്ധിച്ച്

സർവ്വകലാശാലയിൽ ബിരുദ തലത്തിലുള്ള പുസ്തകങ്ങളും അധിക വായനയ്ക്കുള്ള പുസ്തകങ്ങളും മലയാളത്തിൽ തയ്യാറാക്കുമ്പോൾ അവ സർവ്വകലാശാലയുടെ പ്രിന്റിംഗ് പ്രസിൽ തന്നെ അച്ചടിക്കുവാൻ തീരുമാനിച്ചു.

17. നം.5880/എസിഡി.ബി2/2018/എസ്.എസ്.യു.എസ്.

കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ ലോക്ക്ഡൗൺ സമയത്ത് ഹാജർ അനുവദിച്ചത് - സാധൂകരണം - സംബന്ധിച്ച്

കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ ലോക്ക്ഡൗൺ സമയത്ത് ഹാജർ അനുവദിച്ചത് സാധൂകരിച്ചു.

18 നം.6348/ഇസി/എസ്.എസ്.യു.എസ്./2020

ഡിഗ്രി, പി.ജി. കോഴ്സുകളുടെ അവസാന സെമസ്റ്റർ പ്രാക്ടിക്കൽ പരീക്ഷകൾ നടത്തുന്നത് - സംബന്ധിച്ച്

1) കോവിഡ് -19 പശ്ചാത്തലത്തിൽ 2020 ഏപ്രിലിൽ നടക്കേണ്ട നൃത്തം, സംഗീതം, നാടകം, ചിത്രകല എന്നീ ബിരുദ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെ പ്രാക്ടിക്കൽ പരീക്ഷകൾ വേണ്ടെന്ന വയ്ക്കുവാനും ഇന്റേണൽ പരീക്ഷകൾക്കു ലഭിച്ച മാർക്ക്/ഗ്രേഡിന്റെയും, ഫൈനൽ തിയറിക്കു ലഭിച്ച മാർക്ക്/ഗ്രേഡിന്റെയും അടിസ്ഥാനത്തിൽ ഫൈനൽ ഗ്രേഡ് നിശ്ചയിക്കു വാനും തീരുമാനിച്ചു.

2) 2018ൽ പ്രവേശനം നേടിയ ബിരുദ വിദ്യാർത്ഥികളുടെ 2020 ഏപ്രിലിൽ നടക്കേണ്ട 2, 4 സെമസ്റ്ററുകളിലെ റെഗുലർ പരീക്ഷകൾ ഒഴിവാക്കി ഇന്റേണൽ പരീക്ഷകൾക്കു ലഭിച്ച മാർക്ക് /ഗ്രേഡിന്റെയും, ഫൈനൽ തിയറിക്കു ലഭിച്ച മാർക്ക്/ഗ്രേഡിന്റെയും അടിസ്ഥാന ത്തിൽ ഫൈനൽ ഗ്രേഡ് നിശ്ചയിക്കുവാൻ തീരുമാനിച്ചു. 2015, 2016, 2017 പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ 2020 ഏപ്രിലിൽ നടക്കേണ്ട റീ അപ്പിയറൻസ് പരീക്ഷകൾ നടത്തുവാനും തീരുമാനിച്ചു.

3) 2020 ഏപ്രിലിൽ നടക്കേണ്ട ബി.എഫ്.എ. രണ്ടാം സെമസ്റ്ററിന്റെ പരീക്ഷാ നടത്തിപ്പ് മേൽ ഉപഖണ്ഡിക (1) ലെ തീരുമാന പ്രകാരം പരീക്ഷ ഒഴിവാക്കി ഫലം പ്രഖ്യാപിക്കുവാൻ തീരുമാനിച്ചു.

4) കോവിഡിന്റെ പശ്ചാത്തലത്തിൽ തുടർന്നുള്ള സെമസ്റ്ററുകളിലെ പ്രാക്ടിക്കൽ പരീക്ഷകൾ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഓൺലൈനായി നടത്തുവാൻ തീരുമാനിച്ചു.

19. No.Acd B1/5195/SSUS/2020

ചരിത്ര വിഭാഗത്തിൽ പുതിയ ഹ്രസ്വകാല സർട്ടിഫിക്കറ്റ് കോഴ്സ് ആരംഭിക്കുന്നത് - സംബന്ധിച്ച്.

തുടർ നടപടികൾ സ്വീകരിക്കുവാൻ ബഹു. വൈസ് ചാൻസലറെ ചുമതലപ്പെടുത്തി.

20. നം. എസി.ഡി.സി1/2603/എസ്.എസ്.യു.എസ്/2017

കോവിഡ് - 19-മായി ബന്ധപ്പെട്ട് ഈ സെമസ്റ്ററിലെ പരീക്ഷകളുടെ വാല്യുവേഷൻ ഹോം വാല്യുവേഷൻസ് ആയി നടത്തുവാനും ഡബിൾ വാല്യുവേഷൻസ് ഇന്റേണലായി നടത്തുവാനുമുള്ള നടപടികൾ അംഗീകരിക്കുന്നത് - പ്ലാജിയാരിസം റെഗുലേഷനിൽ ഉൾപ്പെടുത്തുന്നത് - സംബന്ധിച്ച്.

മേൽ വിഷയം പരിഗണിച്ച് താഴെ പറയുന്ന തീരുമാനങ്ങൾ അംഗീകരിച്ചു.

(i) സിൻഡിക്കേറ്റ് തീരുമാനപ്രകാരം പ്ലാജിയറിസം പരിശോധനക്കായി 200/- രൂപ ഫീസ് പിൻവലിച്ചത് റിപ്പോർട്ട് ചെയ്തത് അംഗീകരിച്ചു.

(ii) പി.ജി. റഗുലേഷനിൽ കോവിഡ് - 19 കാലഘട്ടത്തിലെ സാഹചര്യവും അത് മാറിയാൽ എക്സ്റ്റേണൽ വാല്യുവേഷൻ സാധ്യമാകുന്ന തരത്തിൽ ഭേദഗതി വരുത്തുന്നതിന് തീരുമാനിച്ചു.

(iii) നിലവിലെ പി.ജി. റഗുലേഷനിൽ പ്ലാജിയറിസം പരിശോധന നടത്തണം എന്ന നിബന്ധന ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചു. അടുത്ത അക്കാദമിക വർഷം മുതൽ നടപ്പിൽ വരുത്തു വാൻ തീരുമാനിച്ചു.

(iv) 2019 എം.എഫ്.എ. റെഗുലേഷനിൽ കോഴ്സ് പ്രവേശനത്തിനുള്ള അടിസ്ഥാന യോഗ്യതയായ ബി.എഫ്.എ. യ്ക്ക് 55% മാർക്ക് നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത മാർക്കിൽ എസ്.സി/എസ്.ടി. വിദ്യാർത്ഥികൾക്ക് 5% ഇളവ് അനുവദിക്കുന്നതിന് തീരുമാനിച്ചു.

21. നം. എസി.ഡി.സി1/5048/എസ്.എസ്.യു.എസ്/2019
സർവ്വകലാശാലയിലെ വിവിധ കോഴ്സുകളുടെ അന്തിമ ഗ്രേഡ് റിപ്പോർട്ട് ദ്വിഭാഷയിൽ (ഇംഗ്ലീഷ്, സംസ്കൃതം) തയ്യാറാക്കിയത് - സംബന്ധിച്ച്.

സർവ്വകലാശാലയിലെ വിവിധ കോഴ്സുകളുടെ അന്തിമ ഗ്രേഡ് റിപ്പോർട്ടിന്റെ ദ്വിഭാഷയിൽ (ഇംഗ്ലീഷ്, സംസ്കൃതം) തയ്യാറാക്കിയ മാതൃക അംഗീകരിച്ചു.

22. നം. എസി.ഡി.എ 1/17667/എസ്.എസ്.യു.എസ്/2018
പി.എച്ച്.ഡി. നിയമാവലിയിൽ നിഷ്കർഷിച്ച ഗവേഷണ കാലയളവിനുള്ളിൽ പ്രബന്ധ സമർപ്പണ നടപടികൾ പൂർത്തീകരിക്കാത്ത ഗവേഷകരുടെ ഗവേഷണ കാലാവധി ദീർഘിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നിയമാവലിയിൽ ഭേദഗതി വരുത്തേണ്ടതുണ്ടോ എന്ന് തീരുമാനിക്കുന്നത് - സംബന്ധിച്ച്.

18.12.2020 ലെ ഇതേ നമ്പർ ഉത്തരവ് പ്രകാരം നടപ്പാക്കിയ സിൻഡിക്കേറ്റ് തീരുമാനം അംഗീകരിക്കുവാൻ തീരുമാനിച്ചു. അപ്രകാരം പി.എച്ച്.ഡി. റഗുലേഷൻ Clause 14(b) യിൽ ഭേദഗതി വരുത്തേണ്ടതാണ്. ഈ ഭേദഗതിയോടെ ഓർഡർ ഇറങ്ങുന്നതുവരെയുള്ള കാലയളവിൽ ഏതെങ്കിലും ഗവേഷകൻ/ഗവേഷക തിസീസ് സമർ പ്പിക്കുവാൻ അപേക്ഷ നൽകുകയാണെങ്കിൽ അത്തരം അപേക്ഷകൾ ഗൈഡിന്റെയും വകുപ്പദ്ധ്യക്ഷന്റെയും റെക്കമെന്റേഷനോടെ ഡോക്ടറൽ കമ്മിറ്റിയിൽ സമർപ്പിച്ച് അംഗീകാരം നേടേണ്ടതാണ്.

23. നം. എസി.ഡി.സി1/17477/എസ്.എസ്.യു.എസ്/2019
വ ിവിധ കോഴ്സുകളുടെ ദ്വിഭാഷയിൽ തയ്യാറാക്കിയ സർട്ടിഫിക്കറ്റ് - അംഗീകരിക്കുന്നത് - സംബന്ധിച്ച്

വിവിധ കോഴ്സുകളുടെ ദ്വിഭാഷയിൽ തയ്യാറാക്കിയ സർട്ടിഫിക്കറ്റ് മാതൃക അംഗീകരിച്ചു.

24. നം. എസി.ഡി.എ 2/2997/എസ്.എസ്.യു.എസ്/2018
ശാലിനി എൻ വി., എം.ഫിൽ വിദ്യാർത്ഥിനി, സൈക്കോളജി വിഭാഗം, മുഖ്യകേന്ദ്രം, കാലടി - ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റി (ഇഗ്നോ)യിൽ നിന്നും വിദൂര വിദ്യാഭ്യാസം മുഖേന നേടിയ എം.എ. സൈക്കോളജി ഡിഗ്രിക്ക് എലിജിബിലിറ്റി സർട്ടിഫിക്കറ്റ് അനുവദിച്ചത് സാധൂകരിക്കുന്നത് - സംബന്ധിച്ച്

കാലടി മുഖ്യകേന്ദ്രം, എം.ഫിൽ സൈക്കോളജി വിദ്യാർത്ഥിനി, ശാലിനി എൻ വി. യുടെ ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റി (ഇഗ്നോ)യിൽ നിന്നും വിദൂര വിദ്യാഭ്യാസം മുഖേന നേടിയ എം.എ. സൈക്കോളജി ഡിഗ്രിക്ക് എലിജിബിലിറ്റി സർട്ടിഫിക്കറ്റ് അനുവദിച്ചത് സാധൂകരിച്ചു.

25. നം. എ.സി.ഡി.എ 1/8798/എസ്.എസ്.യു.എസ്./2020 (S.F.)
2020-21 വർഷത്തെ എം.ഫിൽ പ്രവേശന യോഗ്യതാ മാർക്കിൽ ഭേദഗതി വരുത്തുന്നത് - സംബന്ധിച്ച്

2020-21 വർഷത്തെ എം.ഫിൽ ട്രാൻസ്ലേഷൻ സ്റ്റഡീസ് വിഭാഗത്തിൽ ആൽബിൻ ആന്റണി, സഹദ് എ.എ. എന്നിവർക്ക് യു.ജി.സി. നിയമാവലിയിലെ എം.ഫിൽ പ്രവേശനത്തിനുള്ള പി.ജി. യോഗ്യതാ മാർക്കിൽ ഇളവ് നൽകിയ ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിച്ചു.

26. നം.എ.സി.ഡി.എ 2/17443/എസ്.എസ്.യു.എസ്./2019

എലിജിബിലിറ്റി സർട്ടിഫിക്കറ്റ് അനുവദിച്ചത് - സംബന്ധിച്ച്

2017 ൽ ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയുടെ എം.എ. ഹിസ്റ്ററി ഡിഗ്രി യോഗ്യത നേടിയ അബ്ദുൾ മൊഹിസ് സി.പി.യ്ക്ക് എലിജിബിലിറ്റി സർട്ടിഫിക്കറ്റ് അനുവദിച്ചത് സാധൂകരിച്ചു.

27. No.Acd.B1/3997/2009

Advanced Study Centre for Indian Jurisprudence – Approval of syllabi – Minutes of Board of Studies and Faculties – reg.

Academic Council considered the minutes of meeting of Board of Studies of Sanskrit Nyaya and Faculty of Indian Logic held on 03.12.2020 and resolved to approve the syllabi of

(1) PG Diploma in Indian Jurisprudence (1 year)

(2) Certificate course in Argumentation of Nyaya and Indian Legal System.

The Academic Council has also resolved to include the experts while preparing syllabus in the concerned programmes under OBTLE Scheme.

28. No. Acd.B1/15401/SSUS/2018 സർവ്വകലാശാലയുടെ ബിരുദാനന്തര ബിരുദ റെഗുലേഷനിൽ ഒരു ബിരുദാനന്തര ബിരുദം പൂർത്തിയാക്കിയവർക്ക് വീണ്ടും തുല്യമായ കോഴ്സിലേക്ക് പ്രവേശനം നൽകേണ്ടതില്ല എന്ന വ്യവസ്ഥ സിൻഡിക്കേറ്റ് പുനഃപരിശോധിച്ചത് - റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.

“ഒരു പി.ജി പാസ്സായ വിദ്യാർത്ഥിയ്ക്ക് ഫീസിളവ്, ഹോസ്റ്റൽ താമസം, ഇലക്ഷനിൽ മത്സരിക്കാനുള്ള അവകാശം എന്നിവ ഒഴിവാക്കിക്കൊണ്ട് മറ്റ് വിദ്യാർത്ഥികളുടെ അവസരം നഷ്ടപ്പെടുത്താത്ത രീതിയിൽ ഡാൻസ്, മ്യൂസിക്, പെയിന്റിംഗ്, തീയേറ്റർ എന്നീ വിഭാഗങ്ങളിൽ പ്രവേശനം നൽകാൻ തീരുമാനിച്ചു” എന്ന സിൻഡിക്കേറ്റ് തീരുമാനം സർവ്വകലാശാലയിൽ നടപ്പിലാക്കി 12.01.2021 ൽ പുറപ്പെടുവിച്ച ഉത്തരവ് ശ്രദ്ധിച്ചു. അപ്രകാരം ബന്ധപ്പെട്ട റെഗുലേഷനുകളിൽ ഭേദഗതി വരുത്തേണ്ടതാണ്.

29. Acd.B1/11974/SSUS/2019

Restructuring of U.G. Syllabi as per OBTLE scheme and the Minutes of various Board of Studies and Faculty meetings – Ratification – reg.

The Academic Council considered the matter and resolved the following

1. Ratified the action taken by the Hon’ble Vice Chancellor to implement restructured U.G. Programme (OBTLE) from 2020 Academic Year vide U.O. of even No. dated, 30.06.2020, as recommended by the concerned Board of Studies and Faculty on various dates.
2. The Academic Council considered the minutes of various Board of Studies and Faculties as mentioned therein and resolved to approve

   a) The modification in MSW Syllabus 2019,
   b) MSW Regulation 2019,
   c) Issue of Eligibility Certificate in Department of Philosophy,
   d) Ph.D Course work syllabus in the Department of Theatre,
   e) Syllabus of U.G. Programme along with Ability Enhancement Course

f) Starting new Online Course in Mohiniyattom

g) New Certificate Course in Department of Sanskrit General.

30. നം. എസി.ഡി.ബി1/15401/എസ്.എസ്.യു.എസ്/2018

ഡോ.ഇക്ബാൽ കമ്മിറ്റി റിപ്പോർട്ട് അറിയിക്കുന്നത് – സംബന്ധിച്ച്.

ഉന്നത വിദ്യാഭ്യാസ രംഗത്ത് കോവിഡ് -19 മായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പഠിക്കുവാൻ നിയോഗിച്ച ഡോ.ഇക്ബാൽ കമ്മിറ്റിയുടെ റിപ്പോർട്ട് ശ്രദ്ധിച്ചു.

31. നം.എസി.ഡി.ബി1/15852/എസ്.എസ്.യു.എസ്./2018

ഗാന്ധിയൻ സ്റ്റഡീസ് പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നത് – സംബന്ധിച്ച്.

ഗാന്ധിയൻ സ്റ്റഡീസ് പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് വിശദമായ പഠനത്തിനായി അക്കാദമിക്, റിസർച്ച് സ്ഥിരം സമിതി മുമ്പാകെ സമർപ്പിക്കുവാൻ തീരുമാനിച്ചു.

32. നം.ഇ.ഡി./11607/എസ്.എസ്.യു.എസ്./2018

2019-20 അക്കാദമിക് വർഷത്തെ എം.എസ്.ഡബ്ല്യൂ, എം.എഫ്.എ., പി.ജി. ഡിപ്ലാമ, ഡിപ്ലോമ പരീക്ഷകൾ വിജയിച്ച വിദ്യാർത്ഥികൾക്ക് ഡിഗ്രി/ഡിപ്ലോമ അവാർഡ് ചെയ്യുന്നത് - സംബന്ധിച്ച്.

2019-20 അക്കാദമിക് വർഷത്തെ എം.എസ്.ഡബ്ല്യൂ, എം.എഫ്.എ., പി.ജി. ഡിപ്ലാമ ഇൻ ഓഫീസ് പ്രൊസീഡിംഗ്സ് ഇൻ ഹിന്ദി, പി.ജി. ഡിപ്ലാമ ഇൻ വെൽനസ് ആന്റ് സ്പാ മാനേജ്മെന്റ്, ഡിപ്ലോമ ഇൻ ആയുർവേദ പഞ്ചകർമ്മ ആന്റ് ഇന്റർനാഷണൽ സ്പാ തെറാപ്പി പരീക്ഷകൾ വിജയകരമായി പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് ഡിഗ്രി/ഡിപ്ലോമ അവാർഡ് ചെയ്യുന്നതിന് തീരുമാനിച്ചു.

33. നം: എസിഡി.ബി1/5761/എസ്.എസ്.യു.എസ്/2020 (3)

കോവിഡ് 19 പശ്ചാത്തലത്തിൽ സർവ്വകലാശാലയിൽ ഓൺലൈൻ ക്ലാസ്സുകൾ നടത്തുന്നത് സംബന്ധിച്ച് ഐ.ക്യൂ.എ.സി. വിഭാഗം സമർപ്പിച്ച മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിച്ചത് - സാധൂകരിക്കുന്നത് - സംബന്ധിച്ച്

കോവിഡ് 19 പശ്ചാത്തലത്തിൽ അടിയന്തരപ്രാധാന്യം കണക്കിലെടുത്ത് സർവ്വകലാ ശാലയിൽ ഓൺലൈൻ ക്ലാസ്സുകൾ നടത്തുന്നത് സംബന്ധിച്ച് ഐ.ക്യൂ.എ.സി. വിഭാഗം സമർപ്പിച്ച മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിലാക്കിയ ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിച്ചു.

34. നം.8967/എസി.ഡി.ബി2/2019/എസ്.എസ്.യു.എസ്.

എം.പി.ഇ.എസ്. വിദ്യാർത്ഥി അഖിൽ ദ്വരരാജ് – ന് സീറോ സെമസ്റ്റർ പ്രവേശനം അനുവദിക്കുന്നത് – സംബന്ധിച്ച്.

2019 അഡ്മിഷൻ എം.പി.ഇ.എസ്. വിദ്യാർത്ഥി അഖിൽ ദ്വരരാജ് ന്റെ ഒന്നാം സെമസ്റ്റർ സീറോ സെമസ്റ്ററായി അനുവദിക്കുന്നതിനും ടിയാളുടെ മുടങ്ങിയ ഇന്റേണൽ, എക്സ്റ്റേണൽ പരീക്ഷകൾ പുതുതായി വരുന്ന ബാച്ചിന്റെ ഒന്നാം സെമസ്റ്ററിനോടൊപ്പം പൂർത്തീകരിക്കുന്നതിനും അനുമതി നൽകുന്നതിന് തീരുമാനിച്ചു.

35. നം.എസി.ഡി.ബി1/11974/എസ്.എസ്.യു.എസ്./2019

ബിരുദാനന്തര ബിരുദ തലത്തിൽ മലയാള വിഭാഗം മറ്റു വകുപ്പുകൾക്ക് നൽകിവരുന്ന കോഴ്സുകളുടെയും തീയേറ്റർ വിഭാഗത്തിന്റെ പി.എച്ച്.ഡി.കോഴ്സ് വർക്കിന്റെയും സിലബസുകൾ നടപ്പിലാക്കിയത് സാധൂകരിക്കുന്നത് - സംബന്ധിച്ച്.

The Academic Council resolved to ratify the action taken by the Vice Chancellor to implement the resolutions of concerned Board of Studies and Faculty to change the

syllabus of courses offered by the Department of Malayalam for other M.A Programmes and Ph.D Course Work in Theatre as detailed below through U.O. of even No. dated, 23.07.2020.

- **Department of Malayalam [M.A. For Other Departments (FOD)]**
  PMLM 10749 – മലയാള ചെറുകഥ ചരിത്രവും പരിണാമവും

  PMLM 10750 - മലയാള കവിത ചരിത്രവും പരിണാമവും
- **Department of Theatre (Ph.D Course Work)**
  Research Methodology - RTHS 11001
  Performance Theory and Practice – RTHS 11002

36. നം.എസി.ഡി.ബി1/15852/എസ്.എസ്.യു.എസ്./2018

പാഠ്യപദ്ധതിയിൽ ഭരണഘടനാ വിദ്യാഭ്യാസം ഉൾപ്പെടുത്തുന്നത് - സംബന്ധിച്ച്.

17.11.2020 ൽ കൂടിയ അക്കാദമിക് ആന്റ് റിസർച്ച് സ്ഥിരം സമിതിയുടെ ശുപാർശ പരിഗണിച്ച് ബിരുദ പാഠ്യപദ്ധതിയിൽ ഭരണഘടന വിദ്യാഭ്യാസം ഉൾപ്പെടുത്തുന്നതിന് ബിരുദ പാഠ്യപദ്ധതി പരിഷ്കരണ കമ്മിറ്റി കോർഡിനേറ്റർക്ക് നിർദ്ദേശം നൽകുവാൻ 30.11.2020 ലെ 186-ാമത് സിൻഡിക്കേറ്റ് തീരുമാനം റിപ്പോർട്ട് ചെയ്തത് ശ്രദ്ധിച്ചു.

37. നം.എസി.ഡി.ബി1/8574/എസ്.എസ്.യു.എസ്./2012 (Vol.II)

MPES ന്റെ Syllabus, Regulation, Distribution of Courses എന്നിവ അംഗീകരിച്ചത് സാധൂകരിക്കുന്നത് - സംബന്ധിച്ച്.

The Academic Council resolved to ratify the action taken by the Vice Chancellor to approve the Syllabus, Regulation and Distribution of Courses of MPES Programme, from 2019 Admissions onwards.

38. നം.എസി.ഡി.സി2/12814/ഒ.ബി.ടി.എൽ.ഇ/എസ്.എസ്.യു.എസ്/2019

ബി.എ./ബി.എഫ്.എ. റഗുലേഷൻ പരിഷ്കരണം - സംബന്ധിച്ച്

The Academic Council resolved to ratify the action taken by the Vice Chancellor to implement the B.A., B.F.A. Regulation 2020 under OBTLE scheme.

39. നം.ഇ.ഡി./11607/എസ്.എസ്.യു.എസ്./2018

2018 അഡ്മിഷൻ എം.എസ്.ഡബ്ല്യൂ വിദ്യാർത്ഥി അയ്യപ്പദാസ് മോഹനന് ഡിഗ്രി അവാർഡ് ചെയ്യുന്നത് - സംബന്ധിച്ച്.

2018 അഡ്മിഷൻ എം.എസ്.ഡബ്ല്യൂ വിദ്യാർത്ഥി അയ്യപ്പദാസ് മോഹനന് ഡിഗ്രി അവാർഡ് ചെയ്യുന്നതിന് തീരുമാനിച്ചു.

40. No.Acd.B1/9828/SSUS/2020

Ratification of approval of the syllabi of M.A.Museology, M.Phil and Ph.D programmes in Sociology and revision of syllabus of B.A.Music (2020 onwards)

The Academic Council considered the minutes of Faculty of Arts and Social Sciences held on 13.01.2021 and resolved to ratify the following.

1. Syllabus for 1st and 2nd Semester of M.A.Museology Programme as approved by the Board of Studies of Centre for Museum Studies held on 23.12.2020 and 06.01.2021.

2. Syllabi for M.Phil and Ph.D programmes of Sociology as approved by the Board of Studies of Sociology held on 03.12.2020 and 11.01.2021.

| Programme | Course Code | Title of Course |
|---|---|---|
| M.Phil - 2020-21 | MSOS 1708 | Theoretical Orientations in Sociological Analysis |
| | MSOS 1709 | Methodologies of Sociological Inquiry |
| Ph.D - 2021 | RSOS 12510 | Theoretical Orientations in Sociological Analysis |
| | RSOS 12511 | Methodologies of Sociological Inquiry |

3. Re-allocation of credits in the revised syllabus of B.A.Music (2020 onwards) in accordance with the decision of Board of Studies of Music meeting 07.12.2020.

**കാര്യപരിപാടി (സപ്ലിമെന്ററി)**

1. നം.എസിഡി.എ 2/9847/2015/എസ്.എസ്.യു.എസ്.

ഇന്ദിരാ ഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയുടെ എം.എ. ഹിന്ദി പ്രോഗ്രാം ഈ സർവ്വകലാ ശാലയിലെ എം.എ. ഹിന്ദി പ്രോഗ്രാമിന് തുല്യമാണെന്ന പൊതുഉത്തരവ് - സംബന്ധിച്ച്.

തൊഴിലാവശ്യത്തിനായി ഇന്ദിരാ ഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയുടെ എം.എ. ഹിന്ദി പ്രോഗ്രാം ഈ സർവ്വകലാശാലയിലെ എം.എ. ഹിന്ദി പ്രോഗ്രാമിന് തുല്യമാണെന്ന് പൊതുഉത്തരവ് പുറപ്പെടുവിക്കാൻ തീരുമാനിച്ചു.

2. No. എ.സി.ഡി.എ 1/14350/എസ്.എസ്.യു.എസ്./2016

എം.ഫിൽ ഡെസർട്ടേഷൻ സമർപ്പിക്കുന്നതിനും വൈവാ വോസിയിൽ പങ്കെടുക്കുന്നതിനും അനുമതി നൽകണമെന്ന സംസ്കൃത വ്യാകരണ വിഭാഗം 2017-18 അഡ്മിഷൻ എം.ഫിൽ വിദ്യാർത്ഥിനിയായ പഞ്ചമി ശ്രീധരന്റെ അപേക്ഷ പരിഗണിക്കണമോ എന്ന് തീരുമാനിക്കുന്നത് - സംബന്ധിച്ച് .

2019-20 എം.ഫിൽ ബാച്ചിനോടൊപ്പം ഡെസർട്ടേഷൻ സമർപ്പിക്കുന്നതിനും വൈവാ വോസിയിൽ പങ്കെടുക്കുന്നതിനും സംസ്കൃത വ്യാകരണ വിഭാഗം 2017-18 അഡ്മിഷൻ എം.ഫിൽ വിദ്യാർത്ഥിനി പഞ്ചമി ശ്രീധരന് അനുമതി നൽകി 21.08.2020 ൽ പുറപ്പെടുവിച്ച് ഉത്തരവ് റിപ്പോർട്ട് ചെയ്തത് ശ്രദ്ധിച്ചു.

3. നം.ഇബി/1643/എസ്.എസ്.യു.എസ്./2020

2020 ഒക്ടോബർ മാസത്തിൽ നടന്ന 2-ാം സെമസ്റ്റർ എം.എ. ( റീ അപ്പിയറൻസ്) പരീക്ഷയിൽ വിജയിച്ച് ബിരുദാനന്തര ബിരുദ പ്രോഗ്രാം വിജയകരമായി പൂർത്തീകരിച്ച വിദ്യാർത്ഥികൾക്ക് ബിരുദം നൽകുന്നത് - സംബന്ധിച്ച്

2020 ഒക്ടോബർ മാസത്തിൽ നടന്ന 2-ാം സെമസ്റ്റർ എം.എ. ( റീ അപ്പിയറൻസ്) പരീക്ഷയിൽ വിജയിച്ച് ബിരുദാനന്തര ബിരുദ പ്രോഗ്രാം വിജയകരമായി പൂർത്തീകരിച്ച 8 വിദ്യാർത്ഥികൾക്ക് ബിരുദം നൽകുന്നതിന് തീരുമാനിച്ചു.

4. നം.ഇബി/1643/എസ്.എസ്.യു.എസ്./2020

2020 ജൂൺ മാസത്തിൽ നടന്ന 4-ാം സെമസ്റ്റർ എം.എ./എം.എസ്.സി./എം.പി.എഡ്. ബിരുദ പരീക്ഷകളിൽ വിജയികളായ വിദ്യാർത്ഥികൾക്ക് ബിരുദം നൽകുന്നത് - സംബന്ധിച്ച്

2020 ജൂൺ മാസത്തിൽ നടന്ന 4-ാം സെമസ്റ്റർ എം.എ./എം.എസ്.സി./എം.പി.എഡ്. ബിരുദ പരീക്ഷകളിൽ വിജയികളായ 641 വിദ്യാർത്ഥികൾക്ക് ബിരുദം നൽകുന്നതിന് തീരുമാനിച്ചു.

5. No.എ.സി.ഡി.ബി1/13848/എസ്.എസ്.യു.എസ്./2019

സർവ്വകലാശാലയിൽ എം.എസ്.സി. ലാംഗ്വേജ് കമ്പ്യൂട്ടിംഗ് എന്ന ബിരുദാനന്തര ബിരുദ പ്രോഗ്രാം ആരംഭിക്കുന്നത് - സംബന്ധിച്ച്

എം.എസ്.സി. ലാംഗ്വേജ് കമ്പ്യൂട്ടിംഗ് എന്ന ബിരുദാനന്തര ബിരുദ പ്രോഗ്രാമിനെക്കുറിച്ച് പഠിച്ച് സിൻഡിക്കേറ്റിന് മുൻപാകെ റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റിന്റെ അക്കാദമിക് സ്ഥിരം സമിതിയെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു.

6. നം. എസി.ഡി.സി2/272/എസ്.എസ്.യു.എസ്/2020

സർവ്വകലാശാലയുടെ ഫൈൻ ആർട്സ് പ്രോഗ്രാമുകളെ അന്താരാഷ്ട്ര തലത്തിൽ പ്രചരിപ്പിക്കുന്നതിന്റെയും നടപ്പിലാക്കുന്നതിന്റെയും ഭാഗമായി മോഹിനിയാട്ടത്തിൽ ഓൺലൈൻ കോഴ്സ് തുടങ്ങുന്നത് - സംബന്ധിച്ച്.

മോഹിനിയാട്ട വിഭാഗത്തിൽ ഓൺ ലൈനായി സർട്ടിഫിക്കറ്റ് പ്രോഗ്രാം ആരംഭിക്കുന്നതിന് വേണ്ടി 10.06.2020 ൽ കൂടിയ ബോർഡ് ഓഫ് സ്റ്റഡീസ് തീരുമാനം 22.06.2020 ൽ കൂടിയ ആർട്സ് ആന്റ് സോഷ്യൽ സയൻസസ് ഫാക്കൽറ്റിയുടെ ചുവടെ ചേർക്കുന്ന ശിപാർശകൾ പ്രകാരം അംഗീകരിക്കുവാൻ തീരുമാനിച്ചു.

1. The certificate course on 'Mohiniyattom' shall be managed by the Mohiniyattom Department.
2. A permanent faculty of the Department (faculty related the subject, if available), nominated by the Department Council is to act as the Programme Co-ordinator of the certificate course. The guest faculty who is offering the certificate programme will act as academic Co-ordinator .
3. The University has to frame common regulation to run online certificate programmes in the University.
4. The faculty also recommended to take into consideration, UGC Orders and Circulars regarding the offering of online programmes by the University.

7. No.EA/4513/2010/SSUS

Award of Ph.D to various candidates – reg.

വിവിധ വിഷയങ്ങളിൽ ബന്ധപ്പെട്ട ഫാക്കൽറ്റിയുടെ കീഴിലായി 35 പി.എച്ച്.ഡി. ഗവേഷകർക്ക് 07.09.2020, 28.10.2020, 30.11.2020, 28.01.2021 എന്നീ തീയതികളിലെ സിൻഡിക്കേറ്റ് തീരുമാന പ്രകാരം പി.എച്ച്.ഡി. ബിരുദം നൽകുവാൻ തീരുമാനിച്ചു.

8. നം. 3245/എസി.ഡി.ബി2/എസ്.എസ്.യു.എസ്/2021

സീറോ സെമസ്റ്റർ അനുവദിച്ചത് - സാധൂകരണം - സംബന്ധിച്ച്.

തിരുവനന്തപുരം പ്രാദേശിക കേന്ദ്രം 2019 അഡ്മിഷൻ എം.എ. ഹിന്ദി വിദ്യാർത്ഥിനി സീമ എസ്.യു. വിന് സീറോ സെമസ്റ്റർ പ്രവേശനം അനുവദിച്ചത് സാധൂകരിച്ചു.

9. നം.എസിഡി.ബി1/14928/എസ്.എസ്.യു.എസ്./2017

സർവ്വകലാശാലയുടെ പ്ലാജിയാറിസം റെഗുലേഷൻ - 2018 – ഭേദഗതി നടത്താൻ സമർപ്പിച്ച അപേക്ഷ – സംബന്ധിച്ച്.

സർവ്വകലാശാലയുടെ പ്ലാജിയാറിസം റെഗുലേഷൻ 2018 ൽ Core area-യിൽ 5% വരെ

similarities ആകാമെന്ന വിഷയം അംഗീകരിച്ച് അപ്രകാരം പ്ലാജിയാറിസം റെഗുലേഷനിൽ ഭേദഗതി വരുത്തുവാൻ തീരുമാനിച്ചു.

10. നം. എസി.ഡി.സി1/16073/എസ്.എസ്.യു.എസ്/2019

എം. എ റെഗുലേഷനിൽ ഭേദഗതി വരുത്തുന്നത് - സംബന്ധിച്ച്.

15.03.2021 ൽ കൂടിയ Standing Committee on Examination Committee 2019 എം.എ./ എം.പി.ഇ.എസ്./എം.എസ്.സി. റെഗുലേഷനിൽ ഭേദഗതി വരുത്തുവാൻ ശിപാർശ ചെയ്തിട്ടുള്ളതായി കൺവീനർ അറിയിച്ചത് പരിഗണിച്ച് അപ്രകാരം റെഗുലേഷനിൽ ഭേദഗതി വരുത്തുവാൻ തീരുമാനിച്ചു.

11. No.IQAC/CAS/API/SSUS/2019

Approval of selection procedures for recruitment of Guest Lecturers in various Academic Departments – reg.

The Academic Council resolved to approve the selection procedures for recruitment of Guest Lecturers in various Academic Departments of the University. It was also decided to submit the matter before the Syndicate.

**പ്രമേയങ്ങൾ (Resolutions)**

1. ഡോ.പി.ഉണ്ണികൃഷ്ണൻ അവതരിപ്പിച്ച് ഡോ.എ.പസ്ലിത്തിൽ പിന്താങ്ങുന്ന പ്രമേയം

സംസ്കൃത സർവ്വകലാശാലയിൽ നടന്ന അദ്ധ്യാപക നിയമനങ്ങളെ ബന്ധപ്പെടുത്തി സർവ്വകലാശാലയുടെ യശസ്സിനെയും അക്കാദമിക് പ്രവർത്തനങ്ങളെയും അപകീർത്തിപ്പെടുത്തുന്ന വിധത്തിൽ മാധ്യമങ്ങളിലൂടെ നടത്തുന്ന അപവാദ പ്രചരണങ്ങളിൽ അക്കാദമിക് കൗൺസിൽ യോഗത്തിന്റെ പ്രതിഷേധം രേഖപ്പെടുത്തി ഡോ.പി.ഉണ്ണികൃഷ്ണൻ അവതരിപ്പിച്ച് ഡോ.എ.പസ്ലിത്തിൽ പിന്താങ്ങിയ പ്രമേയം അംഗീകരിച്ചു.

2 ശ്രീ ലൂക്കോസ് ജോർജ്ജ് അവതരിപ്പിച്ച് ഡോ.എ.പസ്ലിത്തിൽ പിന്താങ്ങുന്ന പ്രമേയം

അദ്ധ്യാപക നിയമനത്തിന് അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ ഇൻഡക്സ് മാർക്ക് 60 ൽ നിന്ന് 50 മാർക്ക് മിനിമം പരിധിയാക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ ലൂക്കോസ് ജോർജ്ജ് അവതരിപ്പിച്ച് ഡോ.എ.പസ്ലിത്തിൽ പിന്താങ്ങുന്ന പ്രമേയം മാറ്റി വച്ചു.

**അഡീഷണൽ അജണ്ട**

1. നം.എസിഡി.എ 2/17443/എസ്.എസ്.യു.എസ്. /2019

ദക്ഷിണ ഭാരത് ഹിന്ദി പ്രചാരസഭയിൽ നിന്നും നേടിയ എം.ഫിൽ ഹിന്ദി പ്രോഗ്രാമിന് ഇക്വലൻസി അനുവദിച്ച് പൊതു ഉത്തരവ് നൽകുന്നത് - സംബന്ധിച്ച്.

ഉപരിപഠനത്തിനും തൊഴിലാവശ്യത്തിനുമായി ദക്ഷിണ ഭാരത് ഹിന്ദി പ്രചാരസഭയുടെ എം.ഫിൽ ഹിന്ദി പ്രോഗ്രാം സർവ്വകലാശാലയുടെ എം.ഫിൽ ഹിന്ദി പ്രോഗ്രാമിന് തുല്യമാണെന്ന് അംഗീകരിച്ച് പൊതു ഉത്തരവ് പുറപ്പെടുവിക്കാൻ തീരുമാനിച്ചു.

2. No.EC/9458/SSUS/2017

B.A. (CBCSS)/BFA Dgree Examinations April 2020 – Results published – Reporting – Award of Degrees – reg.

സംസ്കൃത വേദാന്ത വിഭാഗം വകുപ്പദ്ധ്യക്ഷ ശ്രദ്ധയിൽപ്പെടുത്തിയ പ്രകാരം ക്രമ നമ്പർ 86 ലെ വിദ്യാർത്ഥിയുടെ വിഷയ ശീർഷകം കൂടി ഉൾപ്പെടുത്തി 2020 ഏപ്രിൽ മാസത്തിൽ നടന്ന B.A. (CBCSS)/BFA പരീക്ഷയിൽ വിജയിച്ച് ബിരുദം നേടിയ വിദ്യാർത്ഥികൾക്ക് ഡിഗ്രി അവാർഡ് ചെയ്യുന്നതിന് തീരുമാനിച്ചു.

3. നം.എസിഡി.എ 1/1035/2011/എസ്.എസ്.യു.എസ്.

അവധി ദിവസങ്ങളിലും വെക്കേഷൻ സമയത്തും കോഴ്സ് വർക്ക് ചെയ്യുവാൻ അനുവദിക്കണമെന്ന അപേക്ഷ - സംബന്ധിച്ച്.

പ്രസ്തുത വിഷയം വിശദമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഡോ.ശിവദാസൻ, (ഡീൻ) കൺവീനറായും ഡോ.ലിസ്സി മാത്യു (മലയാള വിഭാഗം വകുപ്പദ്ധ്യക്ഷ), ഡോ.പി.ഉണ്ണികൃഷ്ണൻ (അസിസ്റ്റന്റ് പ്രൊഫസർ, ഫിലോസഫി വിഭാഗം) എന്നിവർ അംഗങ്ങളായുമുള്ള കമ്മിറ്റിയെ ചുമതലപ്പെടുത്തി.

4. No.Acd.B1/1729/SSUS/2017

MA History Syllabus modification – reg.

The Academic Council approved the recommendation of the meeting of Board of Studies held on 02.03.2021 and the meeting of Faculty of Arts and Social Sciences held on 03.03.2021 to modify the M.A. History syllabus 2019.

5. നം.എസിഡി.ബി1/2896/2002/എസ്.എസ്.യു.എസ്.

ആയുർവേദ ഡിപ്ലോമ, പി.ജി ഡിപ്ലോമ സിലബസുകൾ ഭേദഗതി വരുത്തുന്നത് – സംബന്ധിച്ച്.

ആയുർവേദ വിഭാഗം 10.03.2021 ൽ കൂടിയ ബോർഡ് ഓഫ് സ്റ്റഡീസ്, 12.03.2021 ൽ കൂടിയ ഫാക്കൽറ്റി ഓഫ് അദർ സാൻസ്ക്രിറ്റ് സ്റ്റഡീസ് യോഗതീരുമാനങ്ങൾ അംഗീകരിച്ച് ആയുർവേദ ഡിപ്ലോമ, പി.ജി ഡിപ്ലോമ സിലബസുകൾ ഭേദഗതി വരുത്തുന്നതിന് തീരുമാനിച്ചു.

6. നം.എസിഡി.എ 2/9847/2015/എസ്.എസ്.യു.എസ്.

ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയിൽ നിന്നും നേടിയ എം.എ. സോഷ്യോളജി പ്രോഗ്രാമിന് ഇക്വലൻസി അനുവദിച്ച് പൊതു ഉത്തരവ് നൽകുന്നത് - സംബന്ധിച്ച്.

ഉപരിപഠനത്തിനും തൊഴിലാവശ്യത്തിനുമായി ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയുടെ എം.എ. സോഷ്യോളജി പ്രോഗ്രാം സർവ്വകലാശാല എം.എ. സോഷ്യോളജി പ്രോഗ്രാമിന് തുല്യമാണെന്ന പൊതു ഉത്തരവ് പുറപ്പെടുവിക്കുവാൻ തീരുമാനിച്ചു.

7. നം. എ.സി.ഡി.എ 1/2555/എസ്.എസ്.യു.എസ്./2017

2017 പി.എച്ച്.ഡി റെഗുലേഷനിൽ ഭേദഗതിയും 2020 ലെ പുതിയ പി.എച്ച്.ഡി. റെഗുലേഷൻ അംഗീകരിക്കുന്നതും - സംബന്ധിച്ച്.

പി.എച്ച്.ഡി. റഗുലേഷൻ 2017 ൽ ഭേദഗതി വരുത്തുനന വിഷയവും 2020 ലെ പുതിയ പി.എച്ച്.ഡി. വിശദമായി ചർച്ച ചെയ്തു. ടി റഗുലേഷനുകളിൽ താഴെ പറയുന്ന ഭേദഗതികൾ വരുത്തുവാൻ നിർദ്ദേശിച്ചു.

**<u>2017 പി.എച്ച്.ഡി റഗുലേഷനിൽ വരുത്തേണ്ട ഭേദഗതികൾ</u>**

1. Clause 20 Revision of thesis

(c) If any ………… communication. Unless the adjudicator prescribes re-examination of the revised thesis, it need not be sent to the adjudicator again **<u>if it is recommended by the Supervising Teacher concerned.</u>**

(d) However ………… the student shall be allowed to submit a note to the University showing reasons in support of his/her claim **<u>alongwith the recommendation of the concerned Supervising Teacher.</u>**

**<u>2020 പി.എച്ച്.ഡി റഗുലേഷനിൽ വരുത്തേണ്ട ഭേദഗതികൾ</u>**

8. The corrections and modifications in the thesis proposed by an evaluator is communicated to the scholar and supervising teacher.

കൂടാതെ താഴെ പറയുന്ന ഭേദഗതികൾ കൂടി റഗുലേഷനിൽ ഉൾപ്പെടുത്തുവാൻ നിർദ്ദേശിച്ചു.

(a) Research & Publication Ethics എന്ന ശീർഷകത്തിൽ 2 ക്രെഡിറ്റ് കോഴ്സ്, പി.എച്ച്.ഡി. പ്രീ രജിസ്ട്രേഷൻ കോഴ്സ് വർക്കിൽ ഉൾപ്പെടുത്തുന്നത് സർവ്വകലാശാല യുടെ 2017 പി.എച്ച്.ഡി. റഗുലേഷൻ ക്ലോസ് 15 (a) യിലും 2020 പി.എച്ച്.ഡി. റഗുലേഷനിലും ഉൾപ്പെടുത്തുന്നതിന്

2017 പി.എച്ച്.ഡി റഗുലേഷനിൽ വരുത്തേണ്ട ഭേദഗതികളും 2020 ലെ പുതുക്കിയ പി.എച്ച്.ഡി. റഗുലേഷനും സിൻഡിക്കേറ്റിന്റെ തീരുമാനത്തിന് വിധേയമായി നടപ്പിലാക്കുവാനും പി.എച്ച്.ഡി. പ്രബന്ധം മൂല്യനിർണ്ണയം ചെയ്യുന്ന വിദഗ്ധരുടെ പ്രതിഫലം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുക്കുവാനും ബഹു.വൈസ് ചാൻസലറെ ചുമതല പ്പെടുത്തി.

Order No.3031/Acd.A2/2004/SSUS എന്ന ഉത്തരവിൽ കാലോചിതമായി മാറ്റം വരുത്തുവാൻ തീരുമാനിച്ചു.

8. നം. എ.സി.ഡി.എ 2/5695/എസ്.എസ്.യു.എസ്./2020

കോവിഡ് - 19 പശ്ചാത്തലത്തിൽ ഗവേഷകരുടെ ഓപ്പൺ ഡിഫൻസ്, പ്രീ സബ്മിഷൻ സെമിനാർ, റിസർച്ച് അഡ്വൈസറി കമ്മിറ്റി, വാർഷിക അസ്സസ്സ്മെന്റുകൾ എന്നിവ നടത്തുന്നത് - സംബന്ധിച്ച്.

കോവിഡ് - 19 പശ്ചാത്തലിത്തിൽ ഇതുവരെ നടന്ന ഗവേഷകരുടെ ഓപ്പൺ ഡിഫൻസ്, പ്രീ സബ്മിഷൻ സെമിനാർ, റിസർച്ച് അഡ്വൈസറി കമ്മിറ്റി, വാർഷിക അസ്സസ്സ്മെന്റുകൾ എന്നിവ സാധൂകരിക്കുവാൻ തീരുമാനിച്ചു. ഇനി നടത്തുന്ന ഓൺലൈൻ ഓപ്പൺ ഡിഫൻസിൽ ഗൈഡും, വകുപ്പ് മേധാവിയും, ഗവേഷകരും സർവ്വകലാശാലയിൽ ഒരിടത്ത് തന്നെ ഇരുന്ന് പങ്കെടുക്കുവാനും അപ്രകാരം ഓപ്പൺ ഡിഫൻസിന്റെ മാർഗ്ഗനിർദ്ദേശത്തിൽ ഭേദഗതി വരുത്തുവാനും തീരുമാനിച്ചു.

9. നം.എസിഡി.ബി1/3997/2009

Faculty of Indian Logic ന്റെ യോഗ തീരുമാനങ്ങൾ അംഗീകരിക്കുന്നത് – സംബന്ധിച്ച്.

സംസ്കൃതം ന്യായ വിഭാഗം 04.03.2021 ന് കൂടിയ ബോർഡ് ഓഫ് സ്റ്റഡീസ്, ഫാക്കൽറ്റി യോഗങ്ങൾ ശിപാർശ ചെയ്ത പ്രകാരം ബി.എഫ്.എ. മൂന്നാം സെമസ്റ്റർ ന്യായത്തിന്റെ പരിഷ്കരിച്ച സിലബസും Advances Study Centre for Indian Jurisprudence ന്റെ പി.ജി.ഡിപ്ലോമ, സർട്ടിഫിക്കറ്റ് പ്രോഗ്രാം എന്നിവയുടെ ഭേദഗതി വരുത്തിയ സിലബസുകളും അംഗീകരിച്ചു.

10. എ.സി.ഡി.ബി1/1875/എസ്.എസ്.യു.എസ്/2020

യു.ജി/പി.ജി പരീക്ഷയുമായി ബന്ധപ്പെട്ട – സിൻഡിക്കേറ്റ് തീരുമാനം നടപ്പിലാക്കിയത് - റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്

2020 ഏപ്രിലിൽ നടത്തിയ യു.ജി./പി.ജി. പരീക്ഷകൾ 186-ാമത് സിൻഡിക്കേറ്റ് തീരുമാനപ്രകാരം ആഭ്യന്തര മൂല്യനിർണ്ണയ ഗ്രേഡ് തന്നെ യു.ജി./പി.ജി. യ്ക്ക് End Grade ആയി നിശ്ചയിച്ച വിഷയം റിപ്പോർട്ട് ചെയ്തത് അംഗീകരിച്ചു.

11. No.EA/4513/2010/SSUS

Award of Ph.D to various candidates – reg.

15.03.2021 ൽ കൂടിയ പരീക്ഷ സ്ഥിരസമിതി ശിപാർശ ചെയ്ത പ്രകാരം 23 പേരുടെ പി.എച്ച്.ഡി. അവാർഡ് ചെയ്യുവാൻ തീരുമാനിച്ചു.

**ഒപ്പ്**

**വൈസ് ചാൻസലർ**